(ബി) 1. കൊടകര-കൊടുങ്ങല്ലൂർ റോഡിന് 25-6-2010-ലെ സ.ഉ.1042/2010/പൊ.മ.വ. പ്രകാരം 35% അധിക എസ്റ്റിമേറ്റ് തുക അനുവദിച്ചുവെങ്കിലും കൺസ്ട്രക്ഷൻ കോർപ്പറേഷൻ ടി പ്രവൃത്തി ചെയ്യാൻ തയ്യാറല്ലെന്ന് അറിയിച്ചിട്ടുണ്ട്.

2. അന്നമനട-മുഴിക്കുളം റോഡിന്റെ ടെണ്ടർ ശ്രീ. കെ. ജെ. വർഗ്ഗീസ് എന്ന കരാറുകാരന് 23-7-2010-ലെ സ.ഉ.(സാധാ) നമ്പർ 1198/10/പൊ.മ.വ. പ്രകാരം 24% അധിക എസ്റ്റിമേറ്റ് തുക അനുവദിച്ചിരുന്നു. ഈ പ്രവൃത്തി ടിയാൻ ചെയ്യാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ടി തീരുമാനം പുനഃപരിശോധിക്കുന്നതിനായിട്ടുള്ള നിർദ്ദേശം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

3. ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്.

(സി) മാളയിലെ മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് വേണ്ടി കരാർ വച്ചിട്ടുണ്ടെങ്കിലും നിർമ്മാണ സ്ഥലത്തുള്ള വൃക്ഷങ്ങൾ മുറിച്ചുമാറ്റേണ്ടതിനായി വനം വകുപ്പിന്റെ അനുമതി തേടിയിരിക്കുകയാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

പറയംതോട് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായി. പാലത്തിന്റെ ഡിസൈൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

(ഡി) മാള ടൗൺ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ട നിർദ്ദേശം ചീഫ് എഞ്ചിനീയറിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) മാന്ദ്യവിരുദ്ധ പദ്ധതിയിൽപ്പെട്ട പ്രവൃർത്തികളുടെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 30-11-2010-ലെ സ.ഉ.(സാധാ) 1809/10/പൊ.മ.വ. പ്രകാരം തൃശ്ശൂർ ജില്ലയിൽ 43 പ്രവൃത്തികൾക്ക് 993.04 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ബാക്കി പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് വേണ്ട നടപടി സ്വീകരിച്ചുവരുന്നു

പറയംകുളം-പുലിമേൽ-ചുനക്കര-ചാരുംമൂട് റോഡ്

235 (832) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ പന്തളം മണ്ഡലത്തിൽപ്പെടുന്ന പറയംകുളം ജംഗ്ഷൻ-ആഞ്ഞിലിമൂട്, പുലിമേൽ-ചുനക്കര ക്ഷേത്രം ചാരുംമൂട് റോഡിന് ക്രമനമ്പർ 57-58 ആയി കമ്മിറ്റികളിൽ ചർച്ചചെയ്തെങ്കിലും അന്തിമ ഭരണാനുമതി ലിസ്റ്റിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ റോഡിന് എത്ര തുകയുടെ എസ്റ്റിമേറ്റാണ് പി.ഡബ്ലൂ.ഡി സർക്കാരിന് സമർപ്പിച്ചിട്ടുള്ളത് ;

(സി) ഈ റോഡിന് അടിയന്തരമായി ഫണ്ട് അനുവദിക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) 2 കോടി രൂപ എസ്റ്റിമേറ്റുള്ള ടി പ്രവൃത്തി, 22-2-2010-ൽ കൂടിയ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കമ്മിറ്റി പരിഗണിച്ചു. എന്നാൽ ബഡ്ജറ്റിൽ ഈ പ്രവൃത്തിക്ക് തുക വകകൊള്ളിച്ചിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

കൊല്ലം-തേനി ദേശീയപാത നിർമ്മാണം

236 (833) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട കൊല്ലം-തേനി ദേശീയപാതയുടെ പദ്ധതി പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് എന്ന് വിശദീകരിക്കാമോ ;

(ബി) പ്രസ്തുത പാത കടന്നുപോകുന്ന പ്രദേശങ്ങളെ സംബന്ധിച്ച് വ്യക്തമായ തീരുമാനം എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ അസംബ്ലി നിയോജകമണ്ഡലങ്ങളും പഞ്ചായത്ത് പ്രദേശങ്ങളും ഉൾപ്പെടും എന്ന് വ്യക്തമാക്കുമോ ;

(സി) ഏതൊക്കെ പ്രധാന ജംഗ്ഷനുകൾ വഴിയാണ് നിർദ്ദിഷ്ട പാത കടന്നുപോകുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി രീതി വിശദീകരിക്കുമോ ;

(ഇ) റോഡു കടന്നുപോകുന്ന പ്രദേശങ്ങളിലെ സ്വകാര്യ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണങ്ങൾ എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെയെന്നും എങ്ങനെയെന്നും വിശദമാക്കാമോ ;

(എഫ്) കൊല്ലം-തേനി ദേശീയപാത പദ്ധതി പ്രവർത്തനത്തിന്റെ പ്രധാനപ്പെട്ട ചുമതലയുള്ള ഓഫീസർമാരും ഓഫീസുകളും ഏതൊക്കെ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly